LIBRARY ARCHIVES Kerala Legislative Assembly

**12. കുടിവെള്ള പ്രശ്നം**

ശ്രീ. വി. എൻ. വാസവൻ : സർ, കോട്ടയം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള പ്രശ്നം നിലനിൽക്കുകയാണ്. അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച കുമരകം ടൂറിസ്റ്റ് കേന്ദ്രത്തിൽ ഇപ്പോൾ ശുദ്ധജല വിതരണം മുടങ്ങിയിരിക്കുന്നു. പൈപ്പ് പൊട്ടിയതാണ് കാരണം. അവിടെ പൊട്ടിയ പൈപ്പ് റീപ്ലെയിസ് ചെയ്യുന്നതിനുവേണ്ടി ടെണ്ടർ ചെയ്തെങ്കിലും ടെണ്ടർ എക്സസ് വന്നതുകൊണ്ട് ഇതുവരെ അത് അംഗീകരിച്ചിട്ടില്ല. അടിയന്തരമായി ടെണ്ടർ എക്സസ് അംഗീകരിച്ച് ആ വർക്കിന് ഓർഡർ കൊടുക്കണം. ഇപ്പോൾ കുമരകത്ത് പ്രതിദിനം ഏതാണ്ട് 13,000 രൂപ വെള്ളത്തിനുവേണ്ടി മാത്രമായി വേണ്ടിവരും. വെള്ളത്തിന്റെ സോഴസായ വെള്ളുപറമ്പിൽ 100 എച്ച്.പി.-യുടെ മോട്ടർ സ്ഥാപിക്കണം. നാട്ടകം പ്രദേശത്ത് വെള്ളം ലഭിക്കാത്തതിന് 75 എച്ച്.പി.-യുടെ ഒരു മോട്ടർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കോട്ടയം നഗരത്തിൽ പല പൈപ്പുകളും പൊട്ടിക്കൊണ്ടിരിക്കുകയാണ്. പൈപ്പുകൾ റീപ്ലെയിസ് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, കോട്ടയത്ത് ശ്രീ. വി. എൻ. വാസവൻ സൂചിപ്പിച്ചത് ഒരു സാങ്കേതിക പ്രശ്നമാണ്. 2010 എസ്.ഒ.ആർ. നിരക്കിനുമേൽ എക്സസ് വരുന്ന റേറ്റൊന്നും കൊടുക്കേണ്ട എന്ന നിലപാടാണ് ഗവൺമെന്റ് പൊതുവേ സ്വീകരിച്ചിട്ടുള്ളത്. 5.15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചപ്പോൾ 9.58 ശതമാനമാണ് എക്സസ് വന്നത്. ധനകാര്യ വകുപ്പും ഗവൺമെന്റും പൊതുവേ 2010 എസ്.ഒ.ആർ. ഏറ്റവും മെച്ചപ്പെട്ട എസ്.ഒ.ആർ. ആണെന്ന നിലയിൽ എക്സസ് കൊടുക്കണ്ട എന്ന നിലപാട് സ്വീകരിച്ചതിനാൽ ഈ പ്രശ്നം ബോർഡ് പരിഗണിച്ചതിന് ശേഷം ഫൈനാൻസ് വിംഗിലെ ബന്ധപ്പെട്ടവർ പരിശോധിച്ച് അനുമതി കൊടുക്കുന്നതിനെ സംബന്ധിച്ചാണ് ഇപ്പോൾ ആലോചിക്കുന്നത്. നയപരമായ ഒരു തീരുമാനം ഇക്കാര്യത്തിൽ ആവശ്യമാണ്. മുൻഗണനാ ക്രമത്തിൽ പമ്പ് സെറ്റുകൾ മാറ്റി വയ്ക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതിന് നാളെ ജലവിഭവ വകുപ്പിന്റെ കീഴിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും സംയുക്ത യോഗം ചേരുന്നുണ്ട്. രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ചയെ തുടർന്ന് വളരെ മുൻകൂട്ടിത്തന്നെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് യോഗം ചേരുന്നുണ്ട്. ആ യോഗത്തിൽ അത്തരം കാര്യങ്ങൾ ആകെ പരിശോധിക്കുകയും മന്ത്രിസഭ ഇക്കാര്യം സജീവമായി പരിഗണിക്കുന്നതുമാണ്.

**13. കിൻഫ്ര ഏറ്റെടുത്ത ഭൂമിയിൽ പുതിയ പദ്ധതി**

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, എന്റെ മണ്ഡലത്തിൽപ്പെട്ട കല്യാശ്ശേരി പഞ്ചായത്തിലെ ഇരിണാവ് പ്രദേശത്ത് ഒരു പവർ പ്രോജക്ട് സ്ഥാപിക്കുന്നതിനുവേണ്ടി വർഷങ്ങൾക്ക് മുൻപ് തീരുമാനിക്കപ്പെട്ടതാണ്. ചില സാങ്കേതിക കാരണങ്ങളാൽ അത് നടപ്പാക്കാൻ കഴിഞ്ഞില്ല. അതേ സ്ഥലം പിന്നീട് ജെ.പി. അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് വൈദ്യുതി ഉദ്പാദിപ്പിക്കുന്നതിനു വേണ്ടി നൽകാൻ ആലോചിച്ചു. പക്ഷേ കൽക്കരി ഉപയോഗിക്കുന്നത്

സംബന്ധിച്ച് വലിയ എതിർപ്പ് വന്നപ്പോൾ അത് ഉപേക്ഷിക്കേണ്ടിവന്നു. ഇതിനുവേണ്ടി 176 ഏക്കർ ഭൂമി കിൻഫ്ര അവിടെ ഏറ്റെടുത്തിട്ടുള്ളതാണ്. അത് വളരെ സൗകര്യപ്രദമായ സ്ഥലമാണ്. വികസനവുമായി ബന്ധപ്പെട്ട വളരെ സാധ്യതയുള്ള പ്രദേശത്താണ് ഈ 176 ഏക്കർ സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്നത്. അവിടെ അടിയന്തരമായി ഒരു പുതിയ പദ്ധതിക്ക് രൂപം നൽകണം. ആ സ്ഥലം ഉപയോഗിക്കുന്നതിനുവേണ്ടി ആവശ്യമായ സത്വര നടപടി വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാവണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, കണ്ണൂർ ജില്ലയിലെ കല്യാശ്ശേരിയിൽ കണ്ണൂർ പവർ പ്രോജക്ടിനുവേണ്ടി എടുത്ത 164.22 ഏക്കർ സ്ഥലം പിന്നീട് പ്രസ്തുത സംരംഭകൻ കരാർ വ്യവസ്ഥകൾ പാലിക്കാതിരുന്നതുമൂലം ആ കരാർ സർക്കാർ റദ്ദാക്കുകയും പ്രസ്തുത ഭൂമി ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി കിൻഫ്രക്ക് നൽകുകയും ചെയ്തു. ഇതെതുടർന്ന് കിൻഫ്ര ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി പത്രങ്ങളിൽ താല്പര്യപത്രം ക്ഷണിക്കുകയും സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നോയിഡ ആസ്ഥാനമായ മെസേഴ്സ് ജയപ്രകാശ് പവർ എം.ജി.എസ്. എന്ന ഗ്രൂപ്പിന് 90 വർഷത്തെ പാട്ടത്തിന് ഭൂമി അലോട്ട് ചെയ്ത് കിൻഫ്രയും പ്രസ്തുത കമ്പനിയുമായി 19-4-2010-ൽ പാട്ടക്കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത സംരംഭകന് പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയാത്തതിനാൽ , കിൻഫ്ര ഭൂമി തിരിച്ചെടുത്തു. കോസ്റ്റ് ഗാർഡ് അക്കാഡമി സ്ഥാപിക്കാൻ ഭൂമി ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര പ്രതിരോധ വകുപ്പ് സംസ്ഥാന സർക്കാരിന് കത്ത് തന്നിരുന്നു. അതനുസരിച്ച് ഈ ഭൂമി അനുയോജ്യമാണെങ്കിൽ കോസ്റ്റ് ഗാർഡ് അക്കാഡമി സ്ഥാപിക്കാൻ നൽകാമെന്ന് വ്യവസായ വകുപ്പ് വാഗ്ദാനം ചെയ്തിട്ടുണ്ട്. സാങ്കേതിക വിദഗ്ദ്ധരുടെ പരിശോധനക്കുശേഷം തീരുമാനം അറിയിക്കാമെന്ന് കേന്ദ്ര പ്രതിരോധ വകുപ്പ് അറിയിച്ചിട്ടുണ്ട്.

### 14. ബൈപ്പാസ് നിർമ്മാണം

ശ്രീ. തോമസ് ചാഴികാടൻ : സർ, ഈ വിഷയം ഇന്ന് രാവിലെ ചോദ്യോത്തര വേളയിലും വന്നതാണ്. ഏറ്റുമാനൂർ മുതൽ കോട്ടയം വരെ എം.സി. റോഡിൽ അതീവ ഗുരുതരമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയാണ്. എറ്റുമാനൂർ പട്ടിത്താനം മുതൽ മണർകാട് വരെയുള്ള ബൈപ്പാസിന് ഭരണാനുമതി ലഭിച്ചിട്ട് 14 വർഷത്തിലേറെയാണ്. എന്നാൽ പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. നിരവധി തവണ നിയമസഭയിൽ ഞാൻ ഇതുസംബന്ധിച്ച് സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. ഈ ബൈപ്പാസിന്റെ അലൈൻമെന്റ് അംഗീകരിച്ച് സ്ഥലമെടുപ്പു നടപടികൾ ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തുമന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചുവെങ്കിലും അത് ഇതുവരെ പൂർത്തിയായിട്ടില്ല. പലപ്രാവശ്യം ജില്ലാ കളക്ടറേറ്റിൽ യോഗം ചേരുകയും പൊതുമരാമത്ത് വകുപ്പും റവന്യു വകുപ്പും ആവശ്യപ്പെട്ട വിശദീകരണങ്ങൾ നൽകുകയും ചെയ്തു. എല്ലാ വിശദീകരണങ്ങൾക്കും ശേഷം ഇപ്പോൾ ഫയൽ പൊതുമരാമത്ത് വകുപ്പിൽ എത്തിയിട്ടുണ്ട്. 18.75 കോടി രൂപ മാന്ദ്യവിരുദ്ധ പാക്കേജിൽ അനുവദിച്ചത് ലാപ്സാവാതിരിക്കണമെങ്കിൽ ഭൂമി ഏറ്റെടുക്കൽ

LIBRARY ARCHIVES Kerala Legislative Assembly